(സി) ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ഡി) ഒന്നുംതന്നെ നിറുത്തലാക്കിയിട്ടില്ല.

ചാത്തന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോ വിപുലീകരിക്കാൻ നടപടി

249 (4038) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയോടനുബന്ധിച്ചുള്ള വർക്ക്ഷോപ്പ് വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിലേക്കുള്ള നടപടികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഡിപ്പോയിൽ നിന്ന് ഇപ്പോൾ എത്ര ബസ് സർവ്വീസുകൾ നടത്തുന്നുണ്ട് ;

(ഡി) 50 ഷെഡ്യൂളുകളിൽ കൂടുതൽ സർവ്വീസ് നടത്തുന്ന പ്രസ്തുത ഡിപ്പോയുടെ പദവി ഉയർത്തുന്നതിനുള്ള നടപടികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ചാത്തന്നൂർ ഡിപ്പോയിലെ വർക്ക്ഷോപ്പ് വിപുലീകരിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) അൻപത് (50) ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നതിലേയ്ക്കായി അനുമതി നൽകിയിട്ടുണ്ട്.

(ഡി) 50 ഷെഡ്യൂൾ മാത്രമേ ഇപ്പോൾ സർവ്വീസ് നടത്തുന്നുള്ളൂ. അത്തരം സബ് ഡിപ്പോകളെ ഡിപ്പോയുടെ പദവിയിലേയ്ക്ക് ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

നെടുമങ്ങാട് കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

250 (4039) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെയും ഗ്യാരേജിന്റെയും ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ നവീകരണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പ്രവർത്തികൾ അടിയന്തിരമായി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly